ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് : 695033
ഇ-മെയിൽ:secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലേയ്ക്ക് നിയമസഭാ സാമാജികരിൽ നിന്നും അഞ്ച് അംഗങ്ങളുടെ തിരഞ്ഞെടുപ്പ്, 2026.

[2015-ലെ എ. പി. ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവകലാശാല ആക്ടിലെ 23 (1)-ാം വകുപ്പിലെ "തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിലെ ഇനം (i) അനുസരിച്ച്]

## വിജ്ഞാപനം

നമ്പർ: **KLS/3430/2026-Legin2** തിരുവനന്തപുരം, **2026** ജൂലൈ **01**

**2015** -ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവകലാശാല ആക്ടിലെ (**2015** ലെ **17**-ാം നമ്പർ ആക്ട്) **23**-ാം വകുപ്പിലെ "തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിനു കീഴിലെ (**i**)-ാം ഇനവും, എ. പി. ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവകലാശാല ആദ്യ സ്റ്റാറ്റ്യൂട്ടുകൾ അദ്ധ്യായം **10** ഭാഗം **I**-ലെ **2(1),(2),(3),(4)** എന്നീ വകുപ്പുകളും, ഭാഗം **II** ലെ വ്യവസ്ഥകളും അനുസരിച്ച് കേരള നിയമസഭാ സാമാജികരിൽ നിന്നും എ. പി. ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവകലാശാലാ ബോർഡ് ഓഫ് ഗവർണേഴ്സിലേയ്ക്ക് അഞ്ച് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച വിജ്ഞാപനം ചുവടെ ചേർക്കുന്നു.

1. എ. പി. ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവകലാശാലാ ബോർഡ് ഓഫ് ഗവർണേഴ്സിലേയ്ക്ക് കേരള നിയമസഭാ സാമാജികരിൽ നിന്നും ജനറൽ വിഭാഗത്തിൽ നിന്ന് മൂന്ന് അംഗങ്ങളും, ഒരു വനിത അംഗവും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്ന് ഒരു അംഗവും ഉൾപ്പെടെ അഞ്ച് അംഗങ്ങളെ, ആനുപാതിക പ്രാതിനിധ്യ തത്വമനുസരിച്ച് കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട് മുഖേന തിരഞ്ഞെടുക്കുന്നതാണ്.

2. ഒരു സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ **2026** ജൂലൈ **16**-ാം തീയതി വ്യാഴാഴ്ച്ചയ്ക്കുപ്പുറമാകാത്ത ഏത് തീയതിയിലും (പൊതു ഒഴിവു ദിവസങ്ങളൊഴികെ) പകൽ **11** മണിക്കും **4** മണിക്കും ഇടയിൽ തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലെ നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് നാമനിർദ്ദേശപത്രികകൾ വരണാധികാരിയെ ഏൽപ്പിക്കാവുന്നതാണ്.

3. നാമനിർദ്ദേശത്തിനുള്ള ഫാറങ്ങൾ മേൽപറഞ്ഞ സ്ഥലത്തും സമയത്തും ലഭിക്കുന്നതാണ്.

4. തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് **2026** ജൂലൈ **17**-ാം തീയതി വെള്ളിയാഴ്ച പകൽ **11.00** മണിക്ക് നാമനിർദ്ദേശപത്രികകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുന്നതും സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ ലിസ്റ്റ് അന്ന് വൈകുന്നേരം **4** മണിക്ക് നിയമസഭാ മന്ദിരത്തിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

5. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസുകൾ സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ **2026** ജൂലൈ **22**-ാം തീയതി ബുധനാഴ്ച വൈകുന്നേരം **4.00** മണിക്ക് മുമ്പായി വരണാധികാരിക്ക് അദ്ദേഹത്തിന്റെ ഓഫീസ് മുറിയിൽ വച്ച് ഏൽപ്പിക്കാവുന്നതാണ്.

6. സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് **2026** ജൂലൈ **23**-ാം തീയതി വ്യാഴാഴ്ച നിയമസഭാ മന്ദിരത്തിലെ നോട്ടീസ് ബോർഡിലും നിയമസഭാ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതാണ്.

7. വോട്ടെടുപ്പ് ആവശ്യമായി വരുന്ന പക്ഷം **2026** ജൂലൈ **29**-ാം തീയതി ബുധനാഴ്ച ഓരോ സമ്മതിദായകനും ബാലറ്റ് പേപ്പർ അയച്ചുകൊടുക്കുന്നതാണ്.

8. വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ തിരികെ ലഭിക്കേണ്ട അവസാന തീയതിയും സമയവും **2026** ആഗസ്റ്റ് **13**-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം **4.00** മണി ആയിരിക്കുന്നതാണ്.

9. വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പറുകളുടെ സൂക്ഷ്മപരിശോധനയും വോട്ടെണ്ണലും **2026** ആഗസ്റ്റ് **14**-ാം തീയതി വെള്ളിയാഴ്ച രാവിലെ **11.00** മണിക്ക് തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽവച്ച് നടത്തുന്നതാണ്.

**ഷാജി സി. ബേബി,**
വരണാധികാരി &
സെക്രട്ടറി-ഇൻ-ചാർജ്ജ്,
കേരള നിയമസഭ.